LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യചെയ്ത കർഷകരുടെ കടബാദ്ധ്യതകൾ

171 (1540) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ആത്മഹത്യചെയ്ത കർഷകരുടെ കടബാധ്യതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാനും, കർഷക ആത്മഹത്യകൾ തടയാനും ഇതിനകം എത്ര തുക നീക്കിവച്ചെന്നും എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 58 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആത്മഹത്യചെയ്ത കർഷകരുടെ കടബാധ്യത സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആത്മഹത്യചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായമായി ആകെ 34,50,000 രൂപ നൽകിയിട്ടുണ്ട്. കർഷക ആത്മഹത്യ തടയുന്നതിനായി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. എന്നാൽ, കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും അതുവഴി കർഷക ആത്മഹത്യ തടയുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

ജൈവകേരളം പദ്ധതി-ബാലുശ്ശേരി കേന്ദ്രം

172 (1541) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജൈവകേരളം പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ജൈവവളങ്ങളും കീടനിയന്ത്രണ ഉപാധികളും ഉല്പാദിപ്പിക്കുന്ന ഒരു കേന്ദ്രം സഹകരണ മേഖലയിൽ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

പരിശോധിച്ച് പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ചീങ്ങേരി ടൈബൽ സ്കീം എക്സ്റ്റൻഷൻ ഫാം

173 (1543) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വയനാട് ജില്ലയിൽ ചീങ്ങേരി ടൈബൽ സ്കീം എക്സ്റ്റൻഷൻ ഫാമിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര തൊഴിലാളികൾ പണിയെടുത്തുവെന്ന് അറിയിക്കുമോ ;

(ബി) അവർ എത്ര കാലമായി അവിടെ പണിയെടുത്തുവരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവരെ ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവർക്ക് നൽകിവരുന്ന വേതനത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ഡി) ഈ തൊഴിലാളികളെ സ്ഥിരം/കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കുന്നതിന് ഏതെങ്കിലും യൂണിയനുകൾ നിവേദനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) പ്രത്യേക പരിഗണനയർഹിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട ഈ ഫാമിലെ തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കി മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിന് ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 34 കാഷ്വൽ തൊഴിലാളികൾ.

(ബി) 1978 മുതൽ 9 തൊഴിലാളികൾ, 1982 മുതൽ 12 തൊഴിലാളികൾ, 2000 മുതൽ 13 തൊഴിലാളികൾ.

(സി) കാഷ്വൽ തൊഴിലാളികൾ (ദിവസക്കൂലി അടിസ്ഥാനത്തിൽ)

1978 മുതൽ 1982 വരെ ജോലിയിൽ പ്രവേശിച്ച 21 പേർക്ക് സീനിയോറിറ്റി പ്രകാരം 15 വർഷം കഴിഞ്ഞതിനാൽ ദിവസക്കൂലി 360 രൂപ അടിസ്ഥാന വേതനവും, ഡി.എ.യും (സർക്കാർ പ്രഖ്യാപിക്കുന്നതനുസരിച്ച്) നിലവിലുള്ള ഇ.പി.എഫ്. നിയമ പ്രകാരം 12% ഇ.പി.എഫ്. തുകയും അടയ്ക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly